# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 934 — 30.10.2019-ൽ മറുപടിയ്ക്ക്.

## ക്ഷീര വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.കെ.കഞ്ഞിരാമൻ<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.പി. ഉണ്ണി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) സ്വയംപര്യാപ്ത ക്ഷീരകേരളമെന്ന ലക്ഷ്യം മുൻനിർത്തി നടപ്പാക്കി വരുന്ന ക്ഷീര വികസന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) ക്ഷീരോല്പാദനമേഖല സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>1) മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി<br>2) തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ<br>3) ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം<br>4) ഹീഫർ പാർക്ക്<br>5) ക്ഷീരഗ്രാമം<br>6) ക്ഷീരസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ<br>7) പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>8) ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ<br>9) സമഗ്ര ഇൻഷ്വറൻസ് പദ്ധതി<br>ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ സഹായം, അപകടമരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. |
| (ബി) മികച്ച പാലുല്പാദക സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് ദേശീയ തലത്തിൽ ബഹുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) പാലുല്പാദനത്തിൽ ദേശീയതലത്തിൽ ഏറ്റവും കൂടുതൽ വർദ്ധനവ് രേഖപ്പെടുത്തിയ സംസ്ഥാനത്തിനായി 'ഇന്ത്യാ ടുഡേ' ഗ്രൂപ്പ് ഏർപ്പെടുത്തിയ അവാർഡ് 2018-19 ൽ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.<br>പാലുല്പാദന വർദ്ധനവ്, കർഷക സൗഹൃദ പദ്ധതികൾ, ഉയർന്ന ഉല്പാദന ക്ഷമത, ക്ഷീരകർഷക ക്ഷേമനിധി പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ചാണ് അവാർഡ് കേരളത്തിന് ലഭിച്ചത്. |

| | | | |
|---|---|---|---|
| (സി) | പ്രളയം ക്ഷീരമേഖലയിൽ കനത്ത നാശനഷ്ടം ഉണ്ടാക്കിയെങ്കിലും സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ പാലുല്പാദനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തുണ്ടായ പ്രളയം മൂലം ക്ഷീരമേഖലയ്ക്ക് കനത്ത നാശനഷ്ടമുണ്ടായിട്ടുണ്ട്. പ്രളയകാലത്ത് ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന പാൽ സംഭരണത്തിൽ ഏകദേശം 2.5 ലക്ഷം ലിറ്ററിന്റെ കുറവുണ്ടായിരുന്നു. കാര്യക്ഷമമായ ഇടപെടലിലൂടെയും ഫലപ്രദമായ തുടർപ്രവർത്തനങ്ങളിലൂടെയും പ്രളയാനന്തര കാലത്ത് ഈ കുറവ് പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | ഗുണമേന്മയുള്ള പാൽ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് എവിടെയെല്ലാമാണ് പാൽ പരിശോധനാ ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിലാണ് പാൽ പരിശോധന ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**